സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുടെ ഒരു സൗജന്യ പകർപ്പ്, സാമ്പത്തിക സഹായ നയം, ലളിത ഭാഷയിലുള്ള സംഗ്രഹം, ബില്ലിംഗും കളക്ഷനുമായി ബന്ധപ്പെട്ട നയം എന്നിവ, ഇംഗ്ലീഷ്, സ്പാനിഷ് എന്നീ ഭാഷകളിലും, സാമ്പത്തിക സഹായ നയത്തിൽ വിവരിച്ചിട്ടുള്ള മാനദണ്ഡം നിറവേറ്റുന്ന മറ്റ് ഭാഷകളിലും ലഭ്യമാണ്, ലഭിക്കുന്നതിന്:

- ആശുപത്രിയുടെ അഡ്മിഷൻ/രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറിനെ ബന്ധപ്പെടുക
- 713.338.5502 അല്ലെങ്കിൽ 1.800.526.2121 വിളിക്കുക, ഓപ്ഷൻ 5
- തപാൽ വഴി ഇനിപ്പറയുന്ന വിലാസത്തിൽ ഒരു അപേക്ഷയ്ക്കായി അഭ്യർത്ഥിക്കുക:
  909 Frostwood
  Attn: PBS Financial Assistance
  Houston, TX 77024
- Memorial Hermann Health System-ൽ നിന്ന് ഒരു അപേക്ഷ ഡൗൺലോഡ് ചെയ്യൽ: വെബ്സൈറ്റ്: http://www.memorialhermann.org/financialassistanceprogram/

## Memorial Hermann Health System

നിങ്ങൾക്ക് സാമ്പത്തിക സഹായത്തിനോ മെഡിക്കെയ്ഡിനോ മെഡികെയറിനോ അല്ലെങ്കിൽ മറ്റ് പദ്ധതികൾക്കോ സൗജന്യമായ രഹസ്യാത്മക സഹായത്തിനോ അർഹതയുണ്ടോയെന്ന് അറിയാൻ, ബന്ധപ്പെടുക:

**Patient Business Services**
909 Frostwood Dr., Suite 3:100
Houston, TX 77024
Attention: PBS Financial Assistance

ഫോൺ: 713.338.5502 അല്ലെങ്കിൽ
1.800.526.2121, ഓപ്ഷൻ 5
ഇമെയിൽ: Patient.Billing@memorialhermann.org

വെള്ളിയാഴ്ച: രാവിലെ 8 മണി മുതൽ ഉച്ചതിരിഞ്ഞ് 5 മണി വരെ
തിങ്കൾ മുതൽ വ്യാഴം വരെ: രാവിലെ 8 മണി മുതൽ വൈകിട്ട് 7 മണി വരെ

പതിപ്പ് തീയതി: 14 നവംബർ 2017

MEMORIAL HERMANN

4411107MAL - Malayalam

# രോഗികളുള്ള സാമ്പത്തിക സഹായ സംഗ്രഹം

## ലളിത ഭാഷയിലുള്ള സംഗ്രഹം



പ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിതാ:

- ഏതൊക്കെ സേവനങ്ങൾക്കാണ് പരിരക്ഷയുള്ളത്?
- എനിക്ക് എങ്ങനെയാണ് സഹായത്തിന് അപേക്ഷിക്കാൻ കഴിയുക?
- ആർക്കൊക്കെയാണ് സഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുക?
- എന്തെല്ലാമാണ് വരുമാന പരിധികൾ?
- എൻറെ വരുമാനം പരിധികൾക്ക് പുറത്താണെങ്കിൽ എന്ത് ചെയ്യണം?
- അപേക്ഷിക്കുന്നതിനുള്ള അപേക്ഷ എവിടെയാണ് ലഭിക്കുക?

MEMORIAL HERMANN

## സാമ്പത്തിക സഹായ നയം (FAP)

Memorial Hermann Health System അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ ആശുപത്രി പരിചരണത്തിനായി, വരുമാനത്തിനെയും കുടുംബ വലുപ്പത്തിനെയും ഫെഡറൽ ദാരിദ്ര്യ രേഖയെയും അടിസ്ഥാനമാക്കി, ഭാഗികമായോ അല്ലെങ്കിൽ പൂർണ്ണമായോ ഉള്ള കിഴിവിന് അർഹതയുള്ള രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. സാമ്പത്തിക സഹായം തേടുന്ന രോഗികൾ, ഈ പദ്ധതിക്കായി അപേക്ഷിക്കണം, അതിൻറെ നടപടിക്രമങ്ങൾ ഈ ഡോക്യുമെൻറിൽ ചുരുക്കി വിവരിച്ചിരിക്കുന്നു.

### ഏതൊക്കെ സേവനങ്ങൾക്കാണ് പരിരക്ഷയുള്ളത്?

ഒരു Memorial Hermann Hospital-ൽ നൽകപ്പെടുന്ന അടിയന്തിര, വൈദ്യപരമായി ആവശ്യമായ സേവനങ്ങൾക്കാണ് സാമ്പത്തിക സഹായ നയം (FAP) പരിരക്ഷ നൽകുന്നത്.

ഇനിപ്പറയുന്നവയ്ക്ക് സാമ്പത്തിക സഹായ നയം പരിരക്ഷ നൽകുന്നതല്ല: സൗന്ദര്യവർദ്ധക നടപടിക്രമങ്ങൾ, Memorial Hermann Hospital-ലിൽ നിങ്ങൾക്ക് പരിചരണം നൽകുന്നവരും, എന്നാൽ ആശുപത്രിയുടെ ജീവനക്കാരല്ലാത്തവരുമായ ഫിസിഷ്യന്മാരും മറ്റ് ദാതാക്കളും നൽകുന്ന സേവനങ്ങൾ, അല്ലെങ്കിൽ ആശുപത്രി വഴിയല്ലാതെ, തങ്ങളുടെ സേവനങ്ങൾക്ക് പ്രത്യേക ബിൽ നൽകുന്ന ദാതാക്കൾ നൽകുന്ന സേവനങ്ങൾ.

### എങ്ങനെ അപേക്ഷിക്കണം

സാമ്പത്തിക സഹായ നയവും അപേക്ഷാ ഫോമും, നേരിട്ടോ തപാൽ വഴിയോ ടെലിഫോൺ വഴിയോ Memorial Hermann വെബ്സൈറ്റിൽ നിന്നോ കരസ്ഥമാക്കാവുന്നതാണ്. അപേക്ഷാ പൂരിപ്പിക്കുകയും അഭ്യർത്ഥിച്ചിട്ടുള്ള രേഖകൾ ഉൾപ്പെടുത്തുകയും ആശുപത്രി അഡ്മിഷൻ/രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറിന് സമർപ്പിക്കുകയും ചെയ്യുക അല്ലെങ്കിൽ ഈ ലഘുലേഖയുടെ പിൻവശത്ത് നൽകിയിരിക്കുന്ന വിലാസത്തിലേക്ക് അയയ്ക്കുക.

### വരുമാന പരിധികൾ

അർഹതയ്ക്കുള്ള ഘടകങ്ങളിലൊന്ന് വരുമാനമാണ്, താഴെ നൽകിയിരിക്കുന്ന പട്ടികയെ അടിസ്ഥാനമാക്കിയാണ് അത് നിർണ്ണയിക്കുന്നത്:

**2018 ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ**

| കുടുംബത്തിലെ/ വീട്ടിലെ വ്യക്തികൾ | പ്രതിവർഷ വരുമാനം |
|---|---|
| 1 | $ 12,140 |
| 2 | $ 16,460 |
| 3 | $ 20,780 |
| 4 | $ 25,100 |
| 5 | $ 29,420 |
| 6 | $ 33,740 |
| 7 | $ 38,060 |
| 8 | $ 42,380 |

8 ആളുകളിലധികമുള്ള കുടുംബങ്ങൾക്ക്/വീടുകൾക്ക്: ഓരോ അധിക വ്യക്തിക്കും $4,320 ചേർക്കുക.

### ആർക്കൊക്കെയാണ് സാമ്പത്തിക സഹായത്തിനുള്ള അർഹത ലഭിക്കുക?

നിങ്ങളുടെ വരുമാനത്തിനെയും കുടുംബ വലുപ്പത്തിനെയും ഫെഡറൽ ദാരിദ്ര്യ രേഖയെയും അടിസ്ഥാനമാക്കിയാണ് സാമ്പത്തിക സഹായത്തിൻറെ തുക നിശ്ചയിക്കുക. ഫെഡറൽ ദാരിദ്ര്യ രേഖയുടെ 200 ശതമാനമോ അതിൽ കുറവോ കുടുംബ വരുമാനമുള്ള രോഗികൾക്ക് 100 ശതമാനം കിഴിവിന് അർഹതയുണ്ടായേക്കാം. ഫെഡറൽ ദാരിദ്ര്യ രേഖയുടെ 200 ശതമാനത്തിനേക്കാൾ കൂടുതലാണ് രോഗിയുടെ കുടുംബ വരുമാനമെങ്കിൽ, കിഴിവിന് അർഹതയുണ്ടായേക്കാം.

ഇനിപ്പറയുന്ന വിലാസത്തിൽ നൽകിയിരിക്കുന്ന നയത്തിൽ വിശദമായ വിവരങ്ങൾ കാണുക: **http://www.memorialhermann.org/financialassistanceprogram/**

ഇൻഷുറൻസുള്ള രോഗികളിൽ നിന്ന്, പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുക (AGB) അല്ലാതെ, മറ്റൊന്നും, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ പരിചരണത്തിനായി, അർഹരായ രോഗികളിൽ നിന്ന് ഈടാക്കുന്നതല്ല.

ചിത്രമുള്ള തിരിച്ചറിയൽ രേഖയുടെ ഇനിപ്പറയുന്ന രേഖകൾ, തിരിച്ചറിയൽ രേഖയായി സ്വീകരിക്കപ്പെടും:

- രാജ്യം ഇഷ്യൂ ചെയ്തിട്ടുള്ള ഡ്രൈവിംഗ് ലൈസൻസ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ്
- വിദ്യാർത്ഥി തിരിച്ചറിയൽ കാർഡ്
- പാസ്പോർട്ട് (യുഎസ് അല്ലെങ്കിൽ വിദേശരാജ്യം)
- യുഎസ് ഇമിഗ്രേഷൻ രേഖ
- ഫോറിൻ കോൺസുലേറ്റ് ഇഷ്യൂ ചെയ്തിട്ടുള്ള തിരിച്ചറിയൽ കാർഡ്
- ക്രെഡിറ്റ് കാർഡ് (ഫോട്ടോയോടൊപ്പം)